കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 13.04.2024 മുതൽ 17.04.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 15/2024 (30) വെള്ളിയാഴ്ച | തീയ്യതി 12/04/2024 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 13.04.2024 | 14.04. 2024 | 15.04.2024 | 16.04. 2024 | 17.04.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 1 | 0 | 0 | 0.5 |
| ഉയർന്ന താപനില (°C) | 39 | 39 | 39 | 39 | 39 |
| കുറഞ്ഞ താപനില (°C) | 28 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 74 | 74 | 74 | 74 | 74 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 27 | 27 | 27 | 27 | 27 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 90 | 70 | 70 | 70 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്: പാലക്കാട് ജില്ലയിൽ 12.04.2024 മുതൽ 16.04.2024 വരെ കൂടിയ താപനില ഏകദേശം 39 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വേനൽചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച)<br>പാലുറച്ച പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ ,വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം.അല്ലെങ്കിൽ മരുന്നുതളി പരാഗണ ത്തിനെ പ്രതികൂലമായി ബാധിക്കും. |
| വാഴ | മാണവണ്ട് | മാണവണ്ടിന്റെ ഉപദ്രവം കാണാന് സാധ്യത ഉണ്ട്. വാഴക്കന്ന് ഒന്നിന് ഒരു കിലോഗ്രാം വേപ്പിന് പിണ്ണാക്ക് എന്ന തോതില് നടുമ്പോള് ഇട്ടു കൊടുക്കുക വാഴക്കന്ന് നടുന്നതിന്റെ മുന്പ് കന്നിന്റെ അടിഭാഗം ചെത്തി വൃത്തിയാക്കി ചാണകലായനിയും ചാരവും കലര്ന്ന മിശ്രിതത്തില് മുക്കി മൂന്നു നാല് ദിവസം വെയിലത്ത് വച്ച് ഉണക്കി നടുക. |
| വിളകൾ | - | ഉപയോഗിക്കുന്ന ജലത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി ഹൈഡ്രോജെൽ ക്യാപ്സ്യൂളുകൾ ഉപയോഗിക്കാവുന്നതാണ്. ഇവ മണ്ണിന്റെ ജലസംഭരണ ശേഷി വർധിപ്പിച്ച് ജലസേചനത്തിന്റെ ഇടവേളകൾ കുറയ്ക്കുന്നു. ഉപയോഗത്തിനായി ക്യാപ്സ്യൂളുകൾ ചെടികളുടെ ചുവട്ടിൽ വേരിനോട് ചേർന്ന് മണ്ണിലേക്ക് ഇറക്കി വയ്ക്കുക. പച്ചക്കറികൾക്ക് ഒരു ചെടിക്ക് 4 എണ്ണം വീതവും, വാഴ ഒന്നിന് 8 വീതവും, കമുക് ഒന്നിന് 10 വീതവും, തെങ്ങ് ഒന്നിന് 20 വീതവുമാണ് ഉപയോഗിക്കുക. |

മൃഗസംരക്ഷണം -: • കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്ത് 9 മണിക്ക് മുൻപോ വൈകുന്നേരം 4 മണിക്ക് ശേഷമോമാത്രം മേയാൻ അനുവദിക്കുക. അതിൽ വൈകുന്നേരം മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. അന്തരീക്ഷത്തിലെ ചൂട് കൂടി വരുന്നതിനാൽ കന്നുകാലികൾക്ക് ധാരാളം തണുത്ത വെള്ളം കൊടുക്കുക. അതിരാവിലെയും വൈകിട്ടും പുല്ലു, വൈക്കോൽ മുതലായ പരുഷാഹാരങ്ങൾ നൽകുക. നേരിട്ട് സൂര്യാഘാതം ഏൽക്കാത്ത രീതിയിൽ മാറ്റിക്കെട്ടുക.